(എഫ്) - (എച്ച്)

1. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ,

2. ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ്, കോഴിക്കോട്.

3. പുതിയ ഇൻഡോർ സ്റ്റേഡിയം, പ്രെസ്സി റോസ്പ്പിറ്റൽ, കോഴിക്കോട്.

4. റോക്കി സ്റ്റേഡിയം, കൊല്ലം.

5. ഇൻഡോർ സ്റ്റേഡിയം, പോളിടെക്നിക് കോമ്പസ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

6. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

7. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ്, തിരുവനന്തപുരം

8. സ്കാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.

9. ജിനചന്ദ്രൻ സ്റ്റേഡിയം, വയനാട്.

10. ഇൻഡോർ സ്റ്റേഡിയം, പാലക്കാട്.

11. ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ്.

12. സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാഡമി, മലപ്പുറം.

13. ഇൻഡോർ സ്റ്റേഡിയം, കോട്ടയം.

14. പനമ്പള്ളി നഗർ, സ്പോർട്സ് കോംപ്ലക്സ്, എറണാകുളം.

15. തൊടുപുഴ സ്റ്റേഡിയം

16. ഇൻഡോർ സ്റ്റേഡിയം, കൊല്ലം.

17. ജെ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയം, കാസർഗോഡ്.

മേൽപ്പറഞ്ഞ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. നാഷണൽ ഗെയിംസിന്റെ ഭാഗമായി നിർമ്മിക്കുന്ന 6 സ്റ്റേഡിയങ്ങൾക്കായി 73.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു സ്റ്റേഡിയങ്ങളുടെ നിർമ്മാണം സംബന്ധിച്ച ചെലവ് കണക്കാക്കി വരുന്നതേയുള്ളു.

**ഗ്രാമീണ മേഖലയിലെ കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

**174 (6346)** ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ സാവധാനത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന്, സർക്കാരിന് എന്തെങ്കിലും പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമീണ മേഖലയിൽ കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

ഉത്തരം

(എ) ഉണ്ട്. കളിസ്ഥല നവീകരണം, നിർമ്മാണം തുടങ്ങിവയ്ക്കായി പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, കായിക യുവജനകാര്യാലയം എന്നിവ മുഖാന്തിരം സഹായം നൽകുന്നുണ്ട്.

(ബി) സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം വികേന്ദ്രീകരിച്ച് ഗ്രാമതലം വരെ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഗ്രാമീണ മേഖലയിലെ കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി കേന്ദ്ര സഹായ പദ്ധതിയായ 'പൈക്ക' നടപ്പിലാക്കി വരുന്നുണ്ട്. വർഷം തോറും ബ്ലോക്ക്/ജില്ലാ/സംസ്ഥാന/ദേശീയ തലത്തിൽ വാർഷിക പൈക്ക കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം, ഒരു നീന്തൽകുളം പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും കോളേജുകൾക്കും മറ്റുമായി കളിസ്ഥല/നീന്തൽകുള നിർമ്മാണത്തിനും നവീകരണത്തിനുമായി കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, കായിക യുവജനകാര്യാലയം എന്നിവ മുഖേന ധനസഹായം നൽകി വരുന്നു.

**വെള്ളയമ്പലം വാട്ടർ അതോറിറ്റി സ്വിമ്മിംഗ് പൂളിന്റെ നവീകരണ പ്രവൃത്തി**

175 (6347) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളയമ്പലം വാട്ടർ അതോറിറ്റി സ്വിമ്മിംഗ്പൂളിന്റെ നവീകരണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് സർക്കാർ നടത്തുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ ;

(സി) ഈ നവീകരണത്തിനായി എത്ര തുകയാണ് ചെലവാക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുന്നതിന് സാധിക്കുമെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly